**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 112**

**02.03.2020 ൽ**
**മറുപടിക്ക്**

## പോലീസ് വകുപ്പിലെ നവീകരണങ്ങൾ

ചോദ്യം
ശ്രീ. സജി ചെറിയാൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) സൈബർ കാലഘട്ടത്തിൽ സംസ്ഥാന പോലീസ് വകുപ്പിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ എന്തെല്ലാം നവീകരണങ്ങളാണ് നടപ്പിലാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കാമോ;

എ) സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനു പുറമെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സൈബർ പോലീസ് സ്റ്റേഷനുകൾ 17.04.2018 തീയതിയിലെ സ.ഉ.(കൈ) നം.68/ 2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സൈബർ സുരക്ഷക്കും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായുള്ള ഒരു പൊതു-സ്വകാര്യ സംയുക്ത സംരംഭമാണ് സൈബർ ഡോം. നൂതന സാങ്കേതിക വിദ്യയും, ഉപകരണങ്ങളും, സേവനങ്ങളും കേരളാ പോലീസിന് ലഭ്യമാക്കുകയും അതുവഴി സേനയെ സൈബർ ലോകത്തെ വെല്ലുവിളികൾ നേരിടുന്നതിനും, സമൂഹത്തിനു നേരെ ഉയർന്നു വരുന്ന സൈബർ ഭീഷണികൾക്കെതിരെ പൊരുതുന്നതിനും പര്യാപ്തമാക്കുക എന്നതാണ് സൈബർ ഡോമിന്റെ ലക്ഷ്യം. തിരുവനന്തപുരം ടെക്നോ പാർക്കിലെ സൈബർ ഡോം ആസ്ഥാനത്തിനു പുറമെ സൈബർ ഡോം റീജിയണൽ വിംഗുകൾ കോഴിക്കോടും കൊച്ചിയിലുമുണ്ട്.

| | | | |
|---|---|---|---|
| | | | പോലീസ് വകുപ്പിൽ ഇ-ഗവേണൻസ്/ വിവര സാങ്കേതിക വിദ്യാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്റ്റേറ്റ്/ഡിസ്ട്രിക്റ്റ് ഐ.ടി സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ, ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന "ടെക്നിക്കൽ കേഡർ" നിർണ്ണായക പങ്ക് വഹിക്കുന്നതാണ്. പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷനുകളിൽ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ് ഉള്ളത്; വിശദാംശം നൽകുമോ ; | ബി) യും സി) യും | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. |
| സി) | കൂടുതൽ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ